MR. WILSON PETER : ആവശ്യപ്പെട്ടതുപോലെ ഒരു സ്റ്റേറ്റ്മെൻറ് ഇവിടെ പറയാൻ നിവൃത്തിയില്ല.

MR. T. A. ABDULLA : രാജിവച്ച ഒരു മെംബർക്ക് ഒരു പ്രസംഗം ചെയ്യുന്നതിന് അവകാശമുണ്ടോ ?

MR. PRESIDENT : രാജിതന്നെ റെപ്രസെന്റേറ്റീവ് ബാഡിയിലെ മെംബർസ്ഥാനമാണ്. ആ വിവരം ഞാൻ ഇവിടെ അറിയിച്ചുവെന്നേയുള്ളൂ. ഇതു സംബന്ധിച്ച് നടപടി പിന്നീട് നടത്താം.

MR. WILSON PETER : റെപ്രസെന്റേറ്റീവ് ബാഡിയിൽനിന്നുള്ള രാജിയല്ല ഞാൻ സമർപ്പിച്ചത്. എന്റെ നിയമസഭാസാമാജികത്വമാണ് ഞാൻ രാജിവച്ചത്.

MR. PRESIDENT: I will read your letter for the information of the House. This is the letter.

"From

Wilson Peter, Member, Representative Body and the Legislative Assembly.

To

The President,

Representative Body, Travancore.

Sir,

I hereby resign my place in the Representative Body and the Legislative Assembly for reasons of idealogical difference with the Party to which I belong. I request you to kindly allow me to explain myself on the floor of the Legislature.

Thanking you !!

റെപ്രസന്റേറ്റീവ് ബാഡിയിലേക്കാണ് ഇത് സമർപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് അതേപ്പറ്റി ഈ സഭയ്ക്ക് എന്തെങ്കിലും തീരുമാനിക്കാമോ എന്ന ആലോചിച്ചു വേണ്ടത് ചെയ്യാം. പ്രധാനമായി എനിക്കു പറയാനുള്ളത് സ്റ്റേറ്റുമെൻറു പറയാൻ അനുവദിക്കുന്നതല്ലെന്നു മാത്രമാണ്.

ADJOURNMENT MOTIONS.

MR. PRESIDENT . രണ്ട് അഡ്ജോൺമെൻറ് മോഷനു നോട്ടിസ് കിട്ടിയിട്ടുണ്ട്. ഒന്ന് മി. പി. കെ. കൃഷ്ണൻ ശാസ്ത്രി അയച്ചിട്ടുള്ളതാണ് "ഇതോടെ ചേർത്തിരിക്കുന്ന അടിയന്തിരപ്രമേയം ഞാൻ സഭയുടെ മുമ്പാകെ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇന്നു രാവിലെ ഒൻപതര മണിക്ക് സമാരംഭിച്ചിരിക്കുന്ന ആയുർവേദ കാളേജ് വിദ്യാർത്ഥികളുടെ സത്യാഗ്രഹം സംബന്ധിച്ച് ഉളവായിട്ടുള്ള സ്ഥിതിഗതികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നു ഈ യോഗം അഭിപ്രായപ്പെടുന്നു."

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : അതേപ്പറ്റി എനിക്ക് ഒരു വിവരം ഇവിടെ പറയാനുണ്ട്. അതിൽ പറഞ്ഞിട്ടുള്ള സംഗതികൾ അടിസ്ഥാനരഹിതങ്ങളാണ്. സത്യാഗ്രഹം ആരംഭിക്കും എന്നു പറഞ്ഞിട്ടുള്ളതു പ്രധാനമന്ത്രിയുടെ വസതിക്കു മുൻപിലാണ്. അവിടെ ഇതുവരെ സത്യാഗ്രഹം ആരംഭിച്ചിട്ടില്ല.

MR. A. NESAMONY : Has any compromise been effected with the Hon'ble Chief Minister and the people responsible for the Sathiagraha ?

HON'BLE MR. T. K. NARAYANA PILLAI : പ്രത്യേക കോംപ്രമൈസിൽ ഒന്നും പ്രധാനമന്ത്രി എർപ്പെട്ടിട്ടില്ല.

PRESIDENT : പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന കാര്യം ശരിയല്ലെന്നുള്ള പ്രധാനമന്ത്രിയുടെ പ്രസ്താവന അനുസരിച്ച് പ്രമേയം തള്ളിയിരിക്കുന്നു.

വേറൊരുപ്രമേയം കൂടിയുണ്ട്. അതു് മി. റ്റി. എ. മൈദീൻ കുഞ്ഞിന്റെതാണ്. അതു് ഇതാണ്. "സംസ്ഥാനത്തെ ആയുർവേദ കോളേജ് അനിശ്ചിതകാലത്തേക്ക് പൂട്ടിയിരിക്കുന്നതു മൂലം ആവിർഭവിച്ചിരിക്കുന്ന അടിയന്തിരവും പൊതുപ്രാധാന്യവുമുള്ള വ്യക്തമായ സംഗതിയെക്കുറിച്ച് വാദപ്രതിവാദം നടത്തുന്നതിന് സഭാനടപടികൾ മാറ്റിവയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു."

HON'BLE MR. E. K. MADHAVAN : ഇങ്ങനെ ഒരു പ്രമേയം അവതരിപ്പിക്കുന്നതു സംബന്ധിച്ച് എനിക്ക് ഒരറിവും ഇല്ല. എനിക്ക് ന്യായമായി നോട്ടീസ് തരേണ്ടതാണ്. മി. പി. കെ. കൃഷ്ണൻശാസ്ത്രിയുടെ നോട്ടീസു തന്നെ ഇന്നു ഞാൻ ഇവിടെ വന്നപ്പോൾ ഈ മേശപ്പുറത്തു കിടക്കുന്നതു കണ്ടു. പ്രസിഡൻറ് ഇതു സംബന്ധിച്ച് ഒരു നിശ്ചിതമായ രൂപം തരണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

HON'BLE MR. T. K. NARAYANA PILLAY : ആയുർവേദ കോളേജ് പൂട്ടിയിട്ട് ഒരു ദിവസമായി എന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിമാരെ അറിയിക്കുന്നു.

MR. PRESIDENT: നോട്ടീസ് ഇല്ലെന്ന കാരണത്താൽ ഇതു തള്ളിയിരിക്കുന്നു.

MR. T. A. MOIDEEN KUNJU : ആ പ്രമേയത്തെക്കുറിച്ച് ഒരു പ്രസ്താവന ചെയ്യാൻ അനുവദിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

MR. PRESIDENT : അതിനെക്കുറിച്ചു പ്രസ്താവന ചെയ്യാൻ അനുവാദം ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. V. GANGADHARAN NAIR : ഇതു് സംബന്ധിച്ചു് ഗവണ്മെൻറു് കൈക്കൊണ്ടിരിക്കുന്ന നിലയേക്കുറിച്ചു് ഗവണ്മെൻറിന്റെ ഒരു പ്രസ്താവന ഈ സഭയിൽ ചെയ്യുമോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : ഗവണ്മെൻറാണു് അതിനെക്കുറിച്ചു് നിശ്ചയിക്കേണ്ടതു്.

MR. K. K. GHELLAPPAN PILLAY: നോട്ടീസിനെക്കുറിച്ചു് ഇന്നു് രാവിലെ തരാമെന്നു പറഞ്ഞു. തരുമോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : മി. നേശമണി ഉന്നയിച്ചിട്ടുള്ള സംഗതിക്കു് രാവിലെ ഇപ്പോൾ തരാം.

RULING RE: QUESTIONS AND ANSWERS.

MR. PRESIDENT: In regard to the point of order raised by Mr. A. Nesamony whether the orders R. O. C. No. 213/48/L. A., dated 7th October 1948 made by the President under Standing order 15, making provision for the starring of questions, are in order, I give the following ruling :—

Although there is no express provision in the Assembly Rules for starring questions, Standing order 15 which gives power to the President to prescribe the manner in which questions shall be put and answers given, is capable of the interpretation that in the manner so prescribed, starring could be provided for. Under the Rules and Standing orders of the previous Legislature also similar procedure for Starring questions was prescribed by the President. I find that in the Indian Legislative Assembly also, the speaker has made provision for the starring of questions, in exercise of the powers vested in the speaker under Rule 28 of the Constituent Assembly of India Legislative Rules although there is no special provision in those Rules for the classification of questions into starred and unstarred. Rules 28 runs thus :—

"28—PROCEDURE FOR PUTTING QUESTIONS AND GIVING ANSWERS. Qestions shall be put and answers given in such manner as the speaker may in his discription determime."

Under this rule the procedure for questions and answers has been laid down by the Speaker thus in paragraph 5 of the Constituent Assembly of India Legislative Circular No. 98 dated 14th July 1948.

"Paragraph 5. A star —thus*—should be placed in front of a question to which an honourable member wishes to have an oral answer on the floor of the House. Honourable members are advised to put a star against only those questions in respect of which supplimentary questions are likely to be asked and not against those which merely ask for statistics or for the laying of statements on the table of the House."

I, therefore, rule that similar procedure prescribed by the President here, under the corresponding provision in the Travancore Legislative Assembly Rules, is quite in order.

LIBRARY ARCHIVES Kerala Legislative Assembly